കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ.പി.കെ.ഡി8/2151/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .
ഫോൺ:04912 520145.
email:dopkd.ksad@kerala.gov.in.

തീയതി-25.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി8/2151/2017 തീയതി-25.11.2017

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 14.02.2017മുതൽ 02.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്<br>ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന്<br>വിനിയോഗിച്ച സമയം | 02.11.2017 മുതൽ<br>08.11.2017 വരെ |
| ഓഡിറ്റ് നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രമാദേവി.പി<br><br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഫസീല.കെ.എ.<br><br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാരദ തുളസീദാസ് | 1-4-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.സി.പി.അനന്തൻ | 1-4-2016 മുതൽ 01-06-2016 വരെ |
| | ശ്രീ.ഷഹബ്ദീൻ.എൻ | 02-06-2016 മുതൽ 04-10-2016 വരെ |
| | ശ്രീ.കെ.ശശികുമാർ | 05-10-2016 മുതൽ 23-01-2017 വരെ |
| | ശ്രീ.എൻ.രാധാകൃഷ്ണൻ | 24-01-2017 മുതൽ 03-03-2017 വരെ |
| | ശ്രീ.എൻ.പി.ചന്ദ്രൻ | 04-03-2017 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീ.പി.സി.സോമസുന്ദരൻ | 01-04-2016മുതൽ 31-05-2016 വരെ |
| | ശ്രീ.വിനോദ്.എം.കെ | 01-06-2016മുതൽ 06-10-2016 വരെ |
| | ശ്രീ.മനോജ് കുമാർ.സി.ബി | 07-10-2016 മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് അഗ്രികൾച്ചർ ഓഫീസർ | ശ്രീ.ബാബു.ഇ.എം | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റജീന ജോർജ്ജ് | 01-04-2016 മുതൽ 22-05-2016 വരെ |
| | ശ്രീ.ഫൈസൽ. | 23-05-2016 മുതൽ 31-3-2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മനോഹരൻ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ലതാ കൃഷ്ണകുമാരി.ടി.വി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് | ഡോ.വിനിത (CHC, നന്നിയോട് ) | 01-04-2016 മുതൽ 31-03-2017 വരെ |
| | ഡോ.ശെൽവരാജൻ.ടി (CHC,കൊടുവായൂർ ) | 01-04-2016 മുതൽ 31-03-2017 വരെ |
| സൂപ്രണ്ട്, വൃദ്ധസദനം (കൊടുവായൂർ) | ശ്രീ.ഗിരീഷ് ബാബു.വി | 01-04-2016 മുതൽ 19-05-2016 വരെ |
| | ശ്രീ.നാരായണൻ.പി | 20-05-2016 മുതൽ 31-03-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ആദ്യത്തെ മൂന്ന് മാസത്തെ ബജറ്റ് ഭരണസമിതിയുടെ 22.3.2016 ലെ 1(1) തീരുമാന പ്രകാരവും പിന്നീട് 2016-17 ബജറ്റ് (മുഴുവനും) ഭരണസമിതിയുടെ 6.6.2016 ലെ തീരുമാനം നം. 1(ഡി) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2016-17 ലെ പ്രതീക്ഷിത വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ (സംഗ്രഹം) മാത്രമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടുള്ളത്. വിശദമായി ഇനം തിരിച്ച് പറഞ്ഞിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിന് മുമ്പേ തന്നെ അവതരിപ്പിച്ച് അംഗീകരിക്കേണ്ട ബജറ്റ്, സാമ്പത്തിക വർഷം ആരംഭിച്ച് 2 മാസത്തിന് ശേഷം അംഗീകരിക്കുന്നത് നിലവിലെ ബജറ്റ് അവതരണ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഈ രീതി അവലംബിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. വിശദമായ ഇനം തിരിച്ചുള്ള ബജറ്റ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പേ തന്നെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 09.06.2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 94053993 |
| വരവ് | 79785713 |
| ആകെ | 173839706 |
| ചെലവ് | 109013967 |
| നീക്കിബാക്കി | 64825739 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 33096548 | 33096548 | 17269028 | 15827520 | 52.17 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 22786524 | 22786524 | 9418315 | 13368209 | 41.33 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 3458046 | 3458046 | 700000 | 2758046 | 20.24 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5142543 | 5142543 | 1961625 | 3180918 | 38.14 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 95 | 129429130 | 48 | 29479593 | 47 | 22.77 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവുകൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 31 | 20 | 46795436 | 15559281 | 33.24 |
| അസി.എക്സി. എഞ്ചിനീയർ | 53 | 17 | 73134808 | 7902626 | 10.81 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 4755261 | 1287277 | 27.07 |
| സീനിയർ വെറ്ററിനറി സർജൻ | 1 | 1 | 2100000 | 2100000 | 100 |
| സി.ഡി.പി.ഒ | 4 | 4 | 1844082 | 1844082 | 100 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 2 | 2 | 499543 | 496791 | 99.45 |
| സൂപ്രണ്ട് (കൊട്ടുവായൂർ വൃദ്ധസദനം) | 1 | 1 | 300000 | 289536 | 100 |
| ആകെ | 95 | 48 | 129429130 | 29479593 | 22.78 |

# 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം, രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7.11.2016-24.11.2016 | 2015-16 | 08.02.2017 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.3.2016-2.4.2016 | 01.09.2013-29.02.2016 | 25.04.2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്

രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 28.09.2013 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണ് ഉള്ളത്. അതിനു ശേഷം രശീതി പുസ്തകങ്ങൾ വാങ്ങിയതായി രേഖപ്പെടുത്തലുകൾ ഇല്ല. മേൽ തീയതിക്ക് ശേഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രശീതി പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടോ എന്നുള്ള വിവരം, ആയത് വിതരണം ചെയ്തു വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാങ്ങിക്കുന്ന രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണം എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ നടത്തിയതിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയതായി ടെണ്ടർ ഫയൽ, ടെണ്ടർ രജിസ്റ്റർ എന്നിവ പ്രകാരം കാണുന്നു. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും

അടച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ ഫീസ് (VAT ഉൾപ്പെടെ) | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫീസ് (VAT ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | എത്തന്നൂർ തേവർപാടം Scകോളനി സൈഡ് പ്രൊട്ടക്ഷൻ,കൊടുവായൂർ | 600000 | 1260 | 3 | 3780 |
| 2 | വൃദ്ധ മന്ദിരം നിർമ്മാണം, കൊടുവായൂർ | 28780410 | 7875 | 24 | 189000 |
| 3 | തങ്കയം കരിപ്പാലി റോഡ് മെയിന്റനൻസ്, വടവന്നൂർ | 500000 | 1050 | 2 | 2100 |
| 4. | മീഞ്ചിറക്കാട് താനിക്കാട് റോഡ് പുനരുദ്ധാരണം, കൊടുവായൂർ | 700000 | 1470 | 2 | 2940 |
| 5. | പതിക്കാട്ടുചള്ള മല്ലൻകുളമ്പ് റോഡ്, പട്ടഞ്ചേരി | 500000 | 1050 | 2 | 2100 |
| 6. | കരിപ്പോട് അംഗൻവാടി പറയൻ കുളമ്പ് റോഡ്, പുതുനഗരം | 629280 | 1330 | 3 | 3990 |
| 7 | കൃഷിഭവൻ ആശാരി പറമ്പ് റോഡ്, പെരുവെമ്പ് | 600000 | 1260 | 2 | 2520 |
| 8 | മാമ്പ്രപ്പാടം ഡ്രെയിനേജ് II റീച്ച് .കൊല്ലങ്കോട് | 500000 | 1050 | 3 | 3150 |
| 9 | ചാത്തൻപാറ എസ്.സി കോളനി റോഡ്, കൊല്ലങ്കോട് | 500000 | 1050 | 2 | 2100 |
| 10 | എടയൻകുളമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ, പട്ടഞ്ചേരി | 500000 | 1050 | 4 | 4200 |
| 11 | കണ്ണംകോട് പൂശാരി കുളമ്പ് കുടിവെള്ള പദ്ധതി, കൊടുവായൂർ | 500000 | 1050 | 3 | 3150 |
| 12 | പയ്യല്ലൂർ ചാത്തൻചിറ കുടിവെള്ള പദ്ധതി, കൊല്ലങ്കോട് | 500000 | 1050 | 5 | 5250 |

| | | | | | |
|---|---|---|---|---|---|
| 13 | വാരനാട്ടുപാടം കുടിവെള്ള പദ്ധതി, കൊല്ലങ്കോട് | 500000 | 1050 | 5 | 5250 |
| 14 | പൊക്കുന്നിക്കളം എസ്.സി കോളനി കുടിവെള്ള പദ്ധതി, വടവന്നൂർ | 500000 | 1050 | 4 | 4200 |
| 15 | പടിക്കൽപാടം കുടിവെള്ളപദ്ധതി, പുതുനഗരം | 500000 | 1050 | 3 | 3150 |
| 16 | കാട്ടുപാടം കുടിവെള്ളപദ്ധതി, മുതലമട | 500000 | 1050 | 5 | 5250 |
| 17 | മാങ്ങോട് പണിക്കുളമ്പ് കോലോട് റോഡ്, പുതുനഗരം | 500000 | 1050 | 2 | 2100 |
| 18 | പത്തിച്ചിറ എസ്.സി കോളനി കുടിവെള്ളപദ്ധതി, മുതലമട | 640000 | 1350 | 4 | 5400 |
| 19 | മേലേക്കാട് എസ്.സി കോളനി സൈഡ് സംരക്ഷണം | 700000 | 1470 | 2 | 2940 |
| 20 | അപ്പ്രോച്ച് റോഡ് - പാപ്പൻചള്ള പാലം | 1500000 | 2630 | 2 | 5260 |
| 21 | മാങ്ങോട് എസ്.സി കോളനി റോഡ്, പട്ടഞ്ചേരി | 500000 | 1050 | 3 | 3150 |
| 22 | സി.എച്ച്.സി. മെയിന്റനൻസ് കൊടുവായൂർ | 1300000 | 2625 | 3 | 7875 |
| 23 | ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ മെയിന്റനൻസ് | 2405441 | 2625 | 3 | 7875 |
| 24 | വടകര കരിപ്പാലി റോഡ്, പട്ടഞ്ചേരി | 500000 | 1050 | 3 | 3150 |
| 25 | നന്ദിയോട് സി.എച്ച്.സി മെയിന്റനൻസ്, പട്ടഞ്ചേരി | 1531284 | 2625 | 2 | 5250 |
| 26 | തോട്ടാരക്കാട് VCB വിംഗ് വാൾ, ഷട്ടർ മെയിന്റനൻസ് | 555152 | 1180 | 2 | 2360 |
| 27 | കറുകമണി കാഡ കനാൽ നിർമ്മാണം, പെരുവെമ്പ് | 1788548 | 2625 | 3 | 7875 |
| 28 | പാപ്പൻചള്ള അപ്പ്രോച്ച് റോഡ്, ഗായത്രി പുഴ പാലം | 3305244 | 2625 | 2 | 5250 |
| 29 | അമ്പക്കുഴി ചെക്ക് ഡാം, കണ്ണംകോട്, കൊടുവായൂർ | 705597 | 1491 | 2 | 2982 |
| | | | | | 303597 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 6/8-11-2017) ത്തിന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീസിനത്തിലുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് :41/17, നന്ദിയോട് സി.എച്ച്.സി ഫർണിഷിംഗ്

അടങ്കൽ:200000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ചെലവ്:198662/-

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.നന്ദിയോട്)

ബിൽ നം. 1/16-17 തീ. 31.03.2017 പ്രകാരം 198662/- രൂപ സിഡ്കോയ്ക്ക് വിവിധ ഇനങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇനങ്ങൾ ലഭ്യമായതിന്റെ സ്റ്റോക്ക് എൻട്രി വരുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്ക് എൻട്രി വരുത്തി രേഖകൾ വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 198662/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 3-2 മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി കസേര വാങ്ങി

2016-17 സാമ്പത്തിക വർഷത്തിൽ നിർവ്വഹണോദ്യോഗസ്ഥർ പ്ലാസ്റ്റിക് കസേരകൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. അപാകതകൾ താഴെ പറയുന്നു.

കേരള സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.34/2016/SPD തീയതി 13.07.2016 പ്രകാരം സിഡ്കോയുടെ മരം, സ്റ്റീൽ, ഹോസ്പിറ്റൽ ഉൽപ്പന്നങ്ങളുടെ നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. സിഡ്കോ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. സിഡ്കോ മുഖേന വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് ചെയറുകൾക്ക് റേറ്റ് കോൺട്രാക്റ്റ് നിരക്ക് നിലവിലില്ല. സിഡ്കോ നിർമ്മിക്കാത്തതും റേറ്റ് കോൺട്രാക്റ്റ് നിലവിലില്ലാത്തതുമായ പ്ലാസ്റ്റിക് കസേര സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി ക്രമപ്രകാരമല്ല.

I.നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ് -കൊടുവായൂർ CHC ഫർണിഷിംഗ് (12/17)

അടങ്കൽ -96281 (മെയിന്റനൻസ് റോഡിതരം)

ചെലവ് - 96180

ട്രഷറി ബിൽ നം.19/22.12.2016.

മേൽ പ്രോജക്റ്റ് പ്രകാരം 150 പ്ലാസ്റ്റിക് ചെയർ SIDCO യിൽ നിന്നും വാങ്ങിയിട്ടുണ്ട്.

II.നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

എ)2016-17 സാമ്പത്തിക വർഷത്തിലെ ട്രഷറി ബിൽ ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ബി)പ്രോജക്റ്റ് -8 /17 – ബിരുദ വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ – 315661 (വികസനഫണ്ട് (SCP))

ചെലവ് - 263966

ബിൽ നം -ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല
പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് മേശ, കസേര തുടങ്ങിയവ മരം, സ്റ്റീൽ കൊണ്ട് നിർമ്മിച്ചവയാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം 77 എസ്.സി വിദ്യാർത്ഥികൾക്ക് SIDCO യിൽ നിന്നും സ്റ്റീൽമേശയും പ്ലാസ്റ്റിക് കസേരയും വാങ്ങി നൽകിയിട്ടുണ്ട്.

സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിരിക്കുന്ന ഫർണ്ണീച്ചറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | സ്പെസി ഫിക്കേഷൻ | നിരക്ക് | മൂല്യ വർദ്ധിത നികുതി | ഇൻവോയ്സ് നം, തീയതി |
|---|---|---|---|---|
| സ്റ്റീൽ മേശ | 36"x18"x30" (20/22 g) | 2576 | 14.5 % | SMCPKD/ 16-17/0259/ തീ.22.02.2017 |
| പ്ലാസ്റ്റിക് കസേര | Armless | 418 | | |

മേൽ സ്പെസിഫിക്കേഷനോടു കൂടിയ 77 പ്ലാസ്റ്റിക് കസേര വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 എല്ലാ നിർവ്വണോദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്

2016-17 വർഷത്തിൽ താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

1. വ്യവസായ വികസന ഓഫീസർ
2. കൃഷി അസിസ്റ്റന്റ് ഡയറക്ടർ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള

ചുമതലകളിൽ ഉൾപ്പെട്ട മേൽ പറഞ്ഞ മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 വനിതാലേബർ ബാങ്കിന് കാർഷിക യന്ത്രങ്ങൾ വാങ്ങൽ - പദ്ധതി അംഗീകാരത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - വനിതാ ലേബർ ബാങ്കിന് കാർഷിക യന്ത്രങ്ങൾ വാങ്ങൽ (59/17)

അടങ്കൽ - 1360000/-(പ്ലാൻ -1050000, മറ്റുള്ളവ – 310000)

ചെലവ് - 1029700/-(ട്രഷറി ബിൽ - 31/7.3.2017)

ബ്ലോക്ക് പഞ്ചായത്തിലെ എം.കെ.എസ്.പി വനിതാ ലേബർ ബാങ്കിന് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകി അതിൽ നിന്നും വരുമാന മാർഗ്ഗം ലക്ഷ്യം വെച്ചുകൊണ്ടു നടപ്പിലാക്കിയ ഈ പദ്ധതിയുടെ വാങ്ങൽ നടപടിക്രമങ്ങളിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിലെ എം.കെ.എസ്.പി വനിതാ ലേബർ ബാങ്കിന് പദ്ധതി വിഹിതവും (പ്ലാൻ -1050000) ലേബർ ബാങ്കിന്റെ വിഹിതവും (310000) ഉൾപ്പെടുത്തികൊണ്ട് കാർഷിക യന്ത്രം വാങ്ങി അതിൽ നിന്നും വരുമാന മാർഗ്ഗം ലക്ഷ്യം വെച്ചുകൊണ്ടു നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്ത് ഡി.പി.സി അംഗികാരം ലഭ്യമാക്കിയിട്ടുള്ളത്. 1029700/-രൂപ പ്ലാൻ വിഹിതം ചെലവുള്ള പദ്ധതിയുടെ എം.കെ.എസ്.പി വിഹിതം ചെലവ് ചെയ്തിട്ടില്ല.
2. 1360000/-രൂപ വില വരുന്ന ഒരു മെതിയന്ത്രം വാങ്ങാനായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ റെയ്ഡ്കോവിൽ (ഇൻവോയ്സ് നം. 07082/30.01.17) നിന്ന് വാങ്ങിയിരിക്കുന്നത് താഴെ പറയുന്ന കാർഷികോപകരണങ്ങളാണ്.

നടീൽ യന്ത്രം - 3

പവർ റീപ്പർ - 2

ബ്രഷ് കട്ടർ - 2

റയിൽ (ട്രാൻസ്പോട്ടിംഗ് )-1 സെറ്റ്.

3. വാങ്ങിയ യന്ത്രങ്ങൾലേബർ ബാങ്കിന് കൈമാറുമ്പോൾ എഗ്രിമെന്റ് വെച്ചിട്ടില്ല.

പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയ മറ്റുള്ളവ എന്ന വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും പ്ലാൻ വിതം ചെലവഴിച്ചത് ക്രമപ്രകാരമല്ല.

അംഗീകാരം ലഭിച്ച പദ്ധതിപ്രകാരമുള്ള കാർഷിക യന്ത്രങ്ങളല്ല വാങ്ങിയിട്ടുള്ളത്. ആയതിനാൽ റിവൈസ്ഡ് പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെയുള്ള ചെലവ് 1029700/-രൂപ (പ്ലാൻ വിഹിതം ) തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 3/7.11.2017)

II. ലേബർ ബാങ്കിന്റെ പ്രവർത്തനം

എം.കെ.എസ്.പി വനിതാ ലേബർ ബാങ്കിൽ 117 പേർ രജിസ്റ്റർചെയ്തിട്ടുണ്ട്. ഒരു ഗ്രൂപ്പിൽ 5 അംഗങ്ങൾ വിതം 18 ഗ്രൂപ്പ് നിലവിലുണ്ട്. വരവ് - ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തുകൊണ്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. വരവിനങ്ങൾ രശീതി മുഖേന രേഖപ്പെടുത്തുന്നുണ്ട്. കൊല്ലങ്കോട് ധനലക്ഷ്മി ബാങ്കിൽ 24.2.2014 -ൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

നിലവിൽ നടീൽ മാത്രമാണ് വനിതാ ലേബർ ബാങ്ക് ഗ്രൂപ്പുകൾ ചെയ്യുന്നത്. ഒരു ഏക്കറിന് 3500/- രൂപയാണ് നടീൽ ചാർജ്ജ് .ഒരു ദിവസം 350/- രൂപയാണ് ഗ്രൂപ്പ് അംഗങ്ങളുടെ വേതനം. നടീൽ മാത്രം ചെയ്യുന്നതുകൊണ്ട് ഒരുവർഷം ഏകദേശം 5 മാസം മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. ആയതിനാൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കാവുന്നതാണ്. തെങ്ങുകയറ്റ പരിശീലനം ലഭ്യമായിട്ടുള്ളതിനാൽ ടി പ്രവൃത്തി ചെയ്തുകൊണ്ടും, ആയതു പോലെ നിലവിൽ വനിതാ ലേബർ ബാങ്കിന് ലഭ്യമായിട്ടുള്ള എല്ലാ യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തിയും ഗ്രൂപ്പിന്റെ പ്രവൃത്തന മേഖലകൾ വർദ്ധിപ്പിച്ച് തെഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആയതുവഴി ഗ്രൂപ്പ് അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-5 വേസ്റ്റ് ബിൻ സ്ഥാപിക്കൽ - ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - പഞ്ചായത്ത് കോമ്പൗണ്ടിലും കോമ്പൗണ്ടിനകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലും വേസ്റ്റ് ബിൻ സ്ഥാപിക്കൽ (85/2017)

അടങ്കൽ - പ്ലാൻ -130000

ചെലവ് - 64410/-(ട്രഷറി ബിൽ - 49/31.3.2017)

മാലിന്യ സംസ്കരണ മേഖലയിൽ ഉൾപ്പെടുത്തി അഗീകാരം ലഭ്യമായിട്ടുള്ള ഈ പ്രോജക്റ്റ് പ്രകാരം 13000/- രൂപ നിരക്കിൽ വരുന്ന പത്ത് വേസ്റ്റ്ബിൻ വാങ്ങി പഞ്ചായത്ത് കോമ്പൗണ്ടിലും കോമ്പൗണ്ടിനകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലും സ്ഥാപിക്കാനായിരുന്നു പദ്ധതി. എന്നാൽ റെയ്ഡ്കോയിൽ നിന്നും (ഇൻവോയ്സ് നം.07110/29.3.2017) താഴെ പറയുന്ന തരത്തിലുള്ള വേസ്റ്റ് ബിന്നുകളാണ് വാങ്ങിയിട്ടുള്ളത്. റെയ്ഡ്കോ നിർമ്മിക്കാത്തതും, റേറ്റ് കോൺട്രാക്ട് നിലവിലില്ലാത്തതുമായ വേസ്റ്റ് ബിൻ റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി ക്രമപ്രകാരമല്ല.

| | | | |
|---|---|---|---|
| WASTE BIN BM ON LID 10 LTRS. | 310.0125 | 63 NOS. | 19530/- |
| WASTE BIN BM ON LID 20 LTRS | 659.9985 | 68 Nos. | 44879/- |
| ആകെ | | | 64410/- |

വേസ്റ്റ് ബിൻ വാങ്ങി പഞ്ചായത്ത് കോമ്പൗണ്ടിലും കോമ്പൗണ്ടിനകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലും സ്ഥാപിക്കാനായിരുന്ന പദ്ധതി എങ്കിലും അപ്രകാരം ചെയ്യാതെ ചെറിയ വേസ്റ്റ്ബിൻ വാങ്ങി അവ പൂർണ്ണമായും ഉപയോഗപ്പെടുത്താതെ ഭാഗികമായി മാത്രം മറ്റ് ഓഫീസുകൾക്ക് വിതരണം നടത്തി ബാക്കി (പകുതിയിലധികവും) പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

മാലിന്യ സംസ്കരണ മേഖലയിൽ ഉൾപ്പെടുത്തി അഗീകാരം ലഭ്യമായിട്ടുള്ള ഈ പ്രോജക്റ്റ് പ്രകാരം 10വലിയ വേസ്റ്റ്ബിൻ വാങ്ങുന്നതിന് പകരം 131 ചെറിയ വേസ്റ്റ്ബിൻ വാങ്ങുന്നതിനു വേണ്ടി പദ്ധതി ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. അതതു ഓഫീസുകൾക്ക് കണ്ടിജന്റ് ചെലവിൽ ചെയ്യാമായിരുന്ന ഈ വാങ്ങലിന് പദ്ധതി ഫണ്ട് ചെലവഴിച്ചത് പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമാണ്. ആയതിനാൽ അംഗീകരം ലഭിച്ച പദ്ധതി പ്രകാരമല്ലാതെ, റിവൈസ്ഡ് പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കാതെ ചെലവ് ചെയ്ത പദ്ധതി ഫണ്ട് 64410/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 3/7.11.2017)

# 3-6 വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.

| പദ്ധതി | ട്രഷറി ബിൽ | പഞ്ചായത്ത് | തുക |
|---|---|---|---|
| പാലിയേറ്റീവ് ബ്ലോക്ക് വിഹിതം (6/2017) | 12/15.11.2016 | കൊല്ലങ്കോട് | 200000 |
| | 13/16.11.2016 | പട്ടഞ്ചേരി | 200000 |
| | 18/14.12.2016 | പെരുവെമ്പ് | 200000 |
| | | മുതലമട | 250000 |
| മാലിന്യ സംസ്കരണം ഒ.ഡി.എഫ് നടപ്പിലാക്കുന്നതിന്(scp) ബ്ലോക്ക് വിഹിതം(38/2017) | 11/15.11.2016 | കൊല്ലങ്കോട് | 295800 |
| | 16/20.12.2016 | മുതലമട | 870400 |
| മാലിന്യ സംസ്കരണം ഒ.ഡി.എഫ് നടപ്പിലാക്കുന്നതിന് ബ്ലോക്ക് വിഹിതം (ജനറൽ) (37/2017) | 15/16.11.2016 | പട്ടഞ്ചേരി | 309000 |
| | | പതുനഗരം | 129000 |
| | 17/20.12.2016 | മുതലമട | 314000 |

ബ്ലോക്ക് വിഹിതം നൽകിയ തുകയുടെ വിനിയോഗം, പ്രവൃത്തിയുടെ പൂർത്തീകരണം എന്നീ രേഖകൾ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 3/7.11.2016)

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതി (34/17)

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 3133203 രൂപ (ട്രഷറി ബിൽ നം.37/29.3.2017) ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. ഇതിൽ 1372000/-രൂപ വിനിയോഗിച്ചതായി സാക്ഷ്യപത്രം ഉണ്ട്. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്ന മുറക്ക് വിഹിതം നൽകിയ മുഴുവൻ തുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (3/7.11.2016) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയ പ്രൊജക്റ്റുകൾ | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 53 | 73134808 | 17 | 7902626 |

വകയിരുത്തിയ തുകയുടെ 10.8% മാത്രമേ വിവിധ കാരണങ്ങളാൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്റ്റുകളിൽ
32% ൽ മാത്രമേ ചെലവു നടന്നിട്ടുള്ളൂ. 22 സ്പിൽ ഓവർ പ്രവൃത്തികളിൽ 9 എണ്ണം 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്ക് ഫയലുകൾ പരിശോധിക്കുമ്പോൾ താഴെക്കാണുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടത് പരിഹരിക്കേണ്ടതാണ്. കരാർ പ്രകാരമുള്ള പൂർത്തീകരണത്തീയതിയ്ക്കു ശേഷവും പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടരുന്ന പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് വഴി എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുന്ന പ്രവൃത്തികളിലും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

<u>ഉദാഹരണങ്ങൾ</u>

- സത്രവട്ടാരം കുടിവെള്ളപദ്ധതിയും ചൂലിപ്പുറം പൈപ്പ് ലൈൻ പൂർത്തീകരണവും
- കൊട്ടംപള്ളം SCകോളനി റോഡ്
- നാച്ചർപ്പാടം SC കോളനി റോഡ് പുനരുദ്ധാരണം
- തോണിപ്പാടം അമ്പോട് കുടിവെള്ള പദ്ധതി

ഇത് തുടർ വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

## 3-9 പണമിടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള 3 അക്കൗണ്ടുകളിൽ 2 ബാങ്ക് അക്കൗണ്ടുകൾ ഒരു വർഷത്തിലേറെയായി പണമിടപാടുകൾ നടക്കാത്തവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | അവസാനമായി രേഖപ്പെടുത്തലുള്ളത് | അക്കൗണ്ടിലുള്ള ബാലൻസ് തുക |
|---|---|---|
| പഞ്ചാബ് നാഷനൽ ബാങ്ക്, കൊല്ലങ്കോട്- A/C No. -4296000100087782 | 26.10.15 | 18514/- (26.10.15) |
| എസ്.ബി.ടി, കൊല്ലങ്കോട്- A/C No- 67099313818 | 18.4.16 | 25577/- (18.4.16) |

മേൽ അക്കൗണ്ടുകൾ കാലികമാക്കേണ്ടതും ബാലൻസ് ഉള്ള തുക സർക്കാരിലേക്ക് അടവാക്കി അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതുമാണ്.

## 3-10 പിഴ ഈടാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതിന് പിഴയിനത്തിൽ തുക ഈടാക്കിയിട്ടുണ്ട്. എന്നാൽ പിഴയിനത്തിലുള്ള തുക കരാറുകാരന് നൽകാനുള്ള തുകയിൽ നിന്നും ഈടാക്കി രശീതിയോ ചലാനോ വെച്ച് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനു പകരം പ്രവൃത്തിമൂല്യത്തിൽ നിന്നും നേരിട്ട് കുറവു ചെയ്യുന്നതുവഴി പദ്ധതിഫണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെ വരുന്നു. ഈ നടപടി വഴി പിഴയിനത്തിൽ തനതുഫണ്ടിൽ വരവുണ്ടാകേണ്ടിയിരുന്ന 12000/-രൂപ നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ബിൽനം. തുക അളവുപുസ്തകം | ഫൈനൽ ബിൽ പ്രകാരം നൽകിയത് | ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട തുക |
|---|---|---|
| മാമ്പ്രപ്പാടം ഡ്രെയിനേജ് നിർമ്മാണം, 57/16<br>ബിൽനം.-3/31.10.16- 590843/-<br>MB- 71/13-14, 72/13-14 | ആകെ പ്രവൃത്തി മൂല്യം- 596843/-<br>(-) പിഴ 6000<br>590843<br>(-)VAT - 23874<br>(-)IT - 5968<br>(-)KCWWF- 5868<br>കരാറുകാരന്-555033/- | 6000 |

| | | |
|---|---|---|
| കോവിലകം മാതക്കോട് SC കോളനി റോഡ് പുനരുദ്ധാരണം, 75/16<br>ബിൽനം.-1/20.10.16-<br>474877/-<br>MB-7/14-15,70/13-14 | ആകെ പ്രവൃത്തിമൂല്യം-480877/-<br>(-) പിഴ - 6000<br>474877<br>(-)VAT - 19235<br>(-)IT - 4809<br>(-)KCWWF-4809<br>കരാറുകാരന് - 446024 | 6000 |

ഈ അപാകത പരിഹരിക്കേണ്ടതും കരാറുകാരിൽ നിന്നും പിഴയിനത്തിൽ ഈടാക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെന്റിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂട്ടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽ നിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ് പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്ന മാസത്തിന് കരാർതുകയുടെ 1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാമ്പ്രപ്പാടം ഡ്രെയിനേജ് നിർമ്മാണം

പ്രൊജക്റ്റ്- 57/16

കരാർതുക- 594224/-

കരാറുകാരൻ- പ്രമോദ്കുമാർ

എഗ്രിമെന്റ് നം- 27/15-16/6.10.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.16

പൂർത്തീകരിച്ച തീയതി - 29.6.16

അളവു പുസ്തകം- 71/13-14, 72/13-14

ഫൈനൽ ബിൽ - 3/31.10.16- 590843/-

പിഴ ഈടാക്കേണ്ടത്- 7.5.16-28.6.16(36ദിവസം ഗ്രേസ്സ്പിരീഡ്)

പിഴ @1% - 594224*1%*54/90 (54ദിവസത്തിന് ) =3565/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-3565 /-

പിഴയിനത്തിലുള്ള 3565/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിലടക്കേണ്ടതാണ്.

## 3-12 മേനകത്ത് കളം കറുപ്പത്ത് പാടം കാഡ കനാൽ പുനരുദ്ധാരണം -നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രൊജക്ട് നം.- 8/16

അടങ്കൽ - പദ്ധതിവിഹിതം (ജനറൽ) – 600000

ഗുണഭോക്തൃവിഹിതം -66667

ആകെ -666670

ബിൽനം.- 7/16-17/7.3.17—600000

ചെക്ക്നം.-1728748/20.3.17-62032

18.6.15 ൽ സാങ്കേതികാനുമതി ലഭിച്ച മേൽ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ജലസേചന കനാലിന്റെ അറ്റകുറ്റ പ്രവൃത്തികൾ നടത്തി ജലസേചന സൗകര്യം അഭിവൃത്തിപ്പെടുത്തുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 13.8.15 ൽ ടെണ്ടർ ചെയ്തിട്ടുള്ള ഈ പ്രവൃത്തിക്ക് സെലക്ഷൻ നോട്ടിസ് നൽകിയതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ എഗ്രിമെന്റ് വെച്ചത് 19.7.16 ന് മാത്രമാണ്. (11മാസങ്ങൾക്കുശേഷം ).
2. കനാലിന് ബലക്ഷയം വന്നതിനാൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുകയും പുതുതായി 5 ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു എന്നാൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തിയതിന് കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
3. 24.12.16ൽ പൂർത്തീകരിച്ച ഫൈനൽ ബിൽ പ്രകാരം 16.7.16ന് പ്രവൃത്തിയുടെ ഗുണഭോക്തൃവിഹിതമിനത്തിൽ തനതു ഫണ്ടിൽ 66667/-രൂ. വരവു വെച്ചിട്ടുള്ളതിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 10% ആയ 62032/- മാത്രമെ കരാറുകാരന് നൽകുന്നതിന് ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക 4635/-രൂ. ഗുണഭോക്തൃസമിതിക്ക് തിരികെ നൽകേണ്ടതാണ്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/8.11.17ഃ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ലഭ്യമായതിനുശേഷം മാത്രമാണ് സെലക്ഷൻ നോട്ടിസ് അയച്ചത് ഇതുമൂലമാണ് എഗ്രിമെന്റ് വൈകിയത് എന്നാണ്.

ഫണ്ട് ലഭ്യത ഉറപ്പ് വരുത്തിയതിനുശേഷം മാത്രം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി കാലതാമസംകൂടാതെ പൂർത്തീകരിക്കേണ്ടതുമാണ്.

# 3-13 തോട്ടാരക്കാട് ചെക്ക് ഡാം മെയിന്റനൻസ്- നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രൊജക്ട് നം.- 81/15

അടങ്കൽ - പദ്ധതിവിഹിതം (ജനറൽ)-500000

ഗുണഭോക്തൃവിഹിതം 50000

ആകെ - 550000

ബിൽനം.- 12/16-17/24.3.17—500000/-

ചെക്ക് നം.-1728753/30.3.17- 18593/-

അളവുപുസ്തകം-24/14-15, 9/14-15, 10/14-15

തോട്ടാരക്കാട് ചെക്ക് ഡാം മെയിന്റനൻസ് പ്രവൃത്തിയിൽ നിലവിലുള്ള ചെക്ക്ഡാം മോശപ്പെട്ട അവസ്ഥയിലായതിനാൽ അത് പൊളിച്ച് പുതുക്കി പണിത് അബട്ട്മെന്റിന്റേയും വിയറിന്റേയും ഉയരം കൂട്ടി RCC കവറിംഗ് കൊടുത്ത് പഴയ ടോപ്പ് സ്ലാബ് പൊളിച്ച്കളഞ്ഞ് പുതിയ സ്ലാബ് പണി കഴിപ്പിച്ച് , ഷട്ടർ സ്ഥാപിച്ച് 50 ഹെക്ടർ സ്ഥലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. 28.3.15 ന് ടെണ്ടർ ചെയ്ത് 31.3.15 ന് ഷഫീക്ക് എന്ന കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 12-ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)362/2013തസ്വഭവ.16.11.2013) അനുസരിച്ച് (ജലവിതരണത്തിനുള്ള) ജലസേചന പരിപാടികളുടെ അടങ്കൽ തുകയുടെ 10 ശതമാനം തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവ്വഹണത്തിനു മുൻപായി അത്രയും തുക തദ്ദേശഭരണ സ്ഥാപനത്തിൽ പണമായി അടയ്ക്കേണ്ടതുമാണ്. കൂടാതെ ജലസേചനപദ്ധതിയുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതിയെ ഏൽപ്പിക്കേണ്ടതാണ്. ഇതനുസരിച്ച് പ്രൊജക്റ്റിൽ വകയിരുത്തേണ്ട ഗുണഭോക്തൃവിഹിതം 55000/- രൂപയാണ്. എന്നാൽ 50000/-രൂപ മാത്രമേ വകയിരുത്തുകയും ഈടാക്കുകയും (രശീതി നം. 165/5.3.15)ചെയ്തിട്ടുള്ളൂ.
2. വർക്ക് ഫയൽ പരിശോധിക്കുമ്പോൾ ഭരണസമിതിയുടെ 30.5.15 ലെ 1-ാം തീരുമാനപ്രകാരം എ.എക്സ്.ഇ. യുടെ കത്തുപ്രകാരം 31.3.15 ന് എഗ്രിമെന്റ് വെച്ചിട്ടുള്ള ഷഫീക്ക് എന്ന കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ " ഗുരുതരമായ ക്രമക്കേട് “ കാരണം

കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ടെണ്ടർ ക്യാൻസൽ ചെയ്തു കാണുന്നു. എന്നാൽ തീരുമാനത്തിൽ ക്രമക്കേട് എന്താണെന്നു സൂചിപ്പിക്കുകയോ ഫയലിൽ എ.എക്സ്.ഇ. യുടെ കത്തിന്റെ പകർപ്പ് ഫയൽ ചെയ്ത് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

" ഗുരുതരമായ ക്രമക്കേട് " ഉത്തരവാദപ്പെട്ട അധികാര സ്ഥാനത്ത് റിപ്പോർട്ട് ചെയ്യുകയോ കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3. 30.5.15 ന് കരാർ ക്യാൻസൽ ചെയ്ത പ്രവൃത്തി പിന്നീട് റീടെണ്ടർ ചെയ്തിട്ടുള്ളത് 2.2.16 നാണ്. ഇലക്ഷൻ മൂലമാണ് കാലതാമസം വന്നത് എന്ന മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ല.
4. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുതായി 5 ഇനങ്ങൾ ഉൾപ്പെടുത്തിയെങ്കിലും എക്സ്ട്രാ ഇനങ്ങൾക്ക് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
5. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഷട്ടർ, ഷട്ടർ ലോക്ക് എന്നിവ ഒഴിവാക്കി.ആയതിനാൽ പദ്ധതി തൻവർഷം പൂർണ്ണമായും പ്രയോജനപ്പെടുത്താനായിട്ടില്ല.
6. പ്രവൃത്തിയുടെ ഫൈനൽ ബില്ല് പ്രകാരം ആകെ പ്രവൃത്തിമൂല്യമായ 518593/-ൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിൽ 51859/-രൂപ കുറവു ചെയ്ത് 466734/- രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതിനു പകരം 18593/- രൂപ മാത്രം കുറവു ചെയ്ത് 500000/- രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം പദ്ധതി ഫണ്ടിൽ നിന്നും 33266/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് ഗുണഭോക്തൃവിഹിതത്തിൽ നിന്നും (50000-18593=31407)

ഗുണഭോക്തൃസമിതിയിൽ നിന്നും (51859-50000=1859) ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്. അതുവരെ പദ്ധതി ഫണ്ടിൽ നിന്നും അധികച്ചെലവു വന്ന 33266/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 6/8-11-2017) ത്തിന് ലഭിച്ച മറുപടിയിൽ തുക തിരിച്ചടക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2016-17 | 360000 | പി.എം.എ.വൈ (ജനറൽ) | 320000 | 40000 |
| | | 2450000 | പിഎം.എ.വൈ (എസ്.സി.പി) | 1195000 | 1255000 |

| | | | | | |
|---|---|---|---|---|---|
| | | 1995000 | പിഎം.എ.വൈ (ടി.എസ്.സി) | 130000 | 1865000 |
| ജില്ലാ പഞ്ചായത്ത് | | 476000 | പി.എം.എ.വൈ (ജനറൽ) | 448000 | 28000 |
| | | 1960000 | പിഎം.എ.വൈ (എസ്.സി.പി) | 728000 | 1232000 |
| | | 2594000 | പിഎം.എ.വൈ (ടി.എസ്.സി) | 182000 | 2412000 |
| ബ്ലോക്ക് പഞ്ചായത്ത് | | 118355 | പി.എം.എ.വൈ (ജനറൽ) | 118355 | 0 |
| | | 739524 | പിഎം.എ.വൈ (എസ്.സി.പി) | 736000 | 3524 |
| | | 2258000 | പിഎം.എ.വൈ (ടി.എസ്.സി) | 2258000 | 0 |
| | | 1500000 | എസ്.സി.ഡിപ്പാർട്ട് മെന്റ് ഷെയർ | 1500000 | 0 |
| | | 700000 | എസ്.ടി.ഡിപ്പാർട്ട് മെന്റ് ഷെയർ | 700000 | 0 |

## **4-2** നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | അനുവദിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| കേരള ജല അതോറിറ്റി, പി എച്ച് ഡിവിഷൻ, പാലക്കാട് | കുന്നിമണി എസ്.സി. കോളനി കുടിവെള്ള പദ്ധതി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | 32/27.2.2017 | 500000 | | വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | തരകൻചള്ള എസ്.സി.കോളനി കുടിവെള്ളപദ്ധതി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | 35/10.3.2017 | 500000 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | നെന്മാറ നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം | 20/24.12.2016 | 325544 | 325544 | പൂർത്തീകരിച്ചു | 0 |

തുകയുടെ വിനിയോഗ വിവരം, പ്രവത്തിയുടെ പൂർത്തീകരണ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഒന്നുമില്ല

## 4-4 വായ്പയുടെ വിവരം

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സ്സ്‌ർ കെട്ടിട നിർമ്മാണം | നിയമസഭാ സമിതി വിഷയം തീർപ്പാക്കിയിട്ടില്ല |
| | 11 | | | സി.എച്.സി കൊടുവായൂർ-നിർമ്മാണം | |

| | | | | |
|---|---|---|---|---|
| | 14 | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാരജാക്കിയില്ല | |
| 99-00 | 9എ | | സി.എച്.സി കൊട്ടുവായൂർ- നിർമ്മാണം | |
| | 16(3) | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | വടവന്നൂർക്കാര പറമ്പ് തോട്ടിൽ തടയണ | |
| | 19 | | അളവുപുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | പൈപ്പ് വാങ്ങിയതിലെ ചെലവ് | |

## **4-8** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 173839706 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109013967 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3565 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1326038 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 3565(fine) | സി.ബി.മനോജ്കുമാർ' അസി.എക്സി.എഞ്ചിനീയർ |
| ആകെ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 198662/- | ഡോ.വിനീത<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.നന്ദിയോട്) |
| 3-4 | 1029700/ | ശ്രീ.എൻ.പി.ചന്ദ്രൻ, സെക്രട്ടറി |
| 3-5 | 64410/- | ശ്രീ.എൻ.പി.ചന്ദ്രൻ, സെക്രട്ടറി |
| 3-13 | 33266 | സി.ബി.മനോജ്കുമാർ<br>അസി.എക്സി.എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.ബി.മനോജ്കുമാർ<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | അമ്പാടി ഹൗസ്,<br>പൊന്നുകെട്ടിയ പാറ,<br>കൊല്ലങ്കോട്, പാലക്കാട് ജില്ല, പിൻ-678506 |
| എൻ.പി. ചന്ദ്രൻ<br>സെക്രട്ടറി | സെക്രട്ടറി<br>ചാലക്കുടി ബ്ലോക്ക്<br>പഞ്ചായത്ത് | നെടുവേലി<br>തോട്ടകം<br>മാണിക്യമംഗലം<br>കാലടി-683574 |
| ഡോ. വിനീത<br>സിഎച്ച്.സി, നന്ദിയോട് | സിഎച്ച്.സി, നന്ദിയോട് | എരഞ്ഞിപ്പാലം വീട്<br>എടയൂർ (പി.ഒ)<br>വളാഞ്ചേരി<br>മലപ്പുറം – 676552 |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |
| 1999-200 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | LFP6 /19/06/12-02-2007 | 3 |
| 2001-02 | LFP6/20/06/24-01-2007 | 10 |
| 2002-03 | LFP6/442/06/24-01-16 | 8 |
| 2003-04 | LFP6/923/2007 | 6 |
| 2004-05 | LFP6/924/2007/3-12-07 | 5 |
| 2005-06 | LFP6/925/2007/3-12-2007 | 6 |
| 2006-07 | LFP6/1113/08/6-03-2009 | 5 |
| 2007-08 | LFP8/1273/2011/7-7-12 | 6 |
| 2008-09 | LFP8/1234/ 2011/16-12-11 | 7 |
| 2009-10<br>2010-11 | LFP8/1006/2013/17-03-14 | 10 |
| 2011-12 | LFP8/1949/ 2014/ 04-02-2015 | 10 |
| 2012-13 മുതൽ 2014-15 വരെ | KSA PKD 8/335/2016/ 7-04-16 | 13 |
| 2015-16 | KSA PKD 8/316/2017/ 22-04-17 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്